## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 876 — 11.06.2014 -ൽ മറുപടിയ്ക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - നൈപുണ്യ പരിശീലനവും നവീകരണവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. റ്റി.യു.കുരുവിള<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് നൈപുണ്യ പരിശീലനം വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതർക്ക് നൈപുണ്യ പരിശീലനം വ്യാപകമാക്കുന്നതിന് 2012-13 സാമ്പത്തിക വർഷം എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി എംപ്ലോയ്മെന്റ് വകുപ്പിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പൊതു/സ്വകാര്യ മേഖലകളിലെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാൻ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമാക്കിയിരിക്കുന്നത്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുന്നതിനും സ്വകാര്യ മേഖലയിൽ ഉൾപ്പെടെ തൊഴിൽ പരിചയമുള്ളവരെ ലഭ്യമാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരെ പരിഗണിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | എംപ്ലോയബിലിറ്റി സെന്റർ എന്ന പുതിയ പദ്ധതി പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ വിവിധ അഭിരുചി പരീക്ഷകൾക്കും സൈക്കോമെട്രിക് ടെസ്റ്റുകൾക്കും വിധേയമാക്കി അവരുടെ കഴിവുകൾ കണ്ടെത്തി അനിവാര്യമായ സോഫ്റ്റ് സ്കിൽസിനുള്ള പരിശീലനം നൽകുന്നു. സ്വകാര്യ മേഖലയിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ട് ഇത്തരം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നേടിയെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു |

| | | | |
|---|---|---|---|
| | | | ഇത്തരം പ്രവർത്തനങ്ങളിലൂടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിക്കുന്നതിനും അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ